പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *532** | **20.11.2019-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം ഭവന പദ്ധതി

**ചോദ്യം**

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ.ടി.ജെ. വിനോദ്

ശ്രീ.ഷാഫി പറമ്പിൽ

ശ്രീ.വി.ഡി.സതീശൻ

**മറുപടി**

എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | വാസയോഗ്യമായ വീടില്ലാതിരുന്നിട്ടും ലൈഫ് പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെടാതെപോയ പട്ടിക വിഭാഗങ്ങൾക്ക് വീട് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) | തീരുമാനിച്ചിട്ടുണ്ട്. |
| ബി) | ഇത്തരത്തിലുള്ള എത്രപേരുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ; | ബി) & സി) | ഭവനരഹിതരായ മുഴുവൻ ആളുകൾക്കും വീട്ട അനുവദിക്കുക എന്ന ലക്ഷ്യത്തോട്ട കൂടി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ലൈഫ് മിഷൻ പദ്ധതി. ടി പദ്ധതി പ്രകാരമാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ വീടുകൾ അനുവദിച്ച വരുന്നത്. ലഭ്യമായ കണക്കുകൾ പ്രകാരം വാസയോഗ്യമായ വീടില്ലാതിരുന്നിട്ടും ലൈഫ് പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെടാതെപോയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 39,902 പേരുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 9143 ഭൂമിയുള്ള ഭവനരഹിതരും, 10944 ഭൂരഹിത ഭവനരഹിതരുമുണ്ട്. |
| സി) | ലൈഫ് മിഷൻ പദ്ധതി വഴി ഇത് നടപ്പിലാക്കാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നേരത്തെ നടപ്പിലാ ക്കിയതുപോലെ വകുപ്പ് മുഖാന്തരം ഭവന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ഉപകുടുംബങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും, ആയത് പ്രകാരം ഭവന രഹിതരായി കണ്ടെത്തിയിട്ടുള്ള മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**